# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1338 — 12.7.2011-ൽ മറുപടിക്ക്

### അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനുള്ള കൂടുതൽ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4332 റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| ബി) | ഇതിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | 528 പേർ മരണപ്പെട്ടിട്ടുണ്ട് |
| (സി) | അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും എന്ത് കൂടുതൽ നടപടിയാണ് ഇപ്പോൾ തുടരുന്നത്? | | അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം - 1</u>

**<u>അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും, കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</u>**

ഹൈവേയിൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാ പ്രവർത്തനം നടത്തുന്നതിനുമായി ഹൈവേകളുമായി അടുത്തിടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ ഉത്തരവ് നമ്പർ.117/09/ആഭ്യന്തരം തീയതി. 25.07.2009 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ ജില്ലകളിലെ അപകടനിരക്ക് കൂടിയ നാൽപത്തൊന്ന് പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് മോഡൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും രണ്ടായിരം രൂപാ വീതം സമിതി ഓരോന്നിനും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ രൂപീകരിച്ച സുരക്ഷാ ജാഗ്രതാ സമിതികൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്.

ഹൈവേ ഓരങ്ങളിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതു വരെ 1010 സ്കൂൾ റോഡ് സേഫ്റ്റി ക്ലബ്ബുകൾ പോലീസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 200 ക്ലബ്ബുകളെ മോഡൽ റോഡ് സേഫ്റ്റി ക്ലബ്ബുകളായി തെരഞ്ഞെടുക്കുകയും അവയുടെ പ്രവർത്തനത്തിന് 5000 രൂപ വീതം പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഗുരുതരമായ ട്രാഫിക് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ലൈസൻസും എഫ്.ഐ.ആർ ന്റെ പകർപ്പും മറ്റും അതത് ആർ.ടി.ഒ മാർക്ക് ലൈസൻസ് റദ്ദു ചെയ്യുക/ സസ്പെൻഡ് ചെയ്യുക തുടങ്ങിയ നടപടികൾക്കായി അയച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സുപ്രണ്ട്/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്.

ഹൈവേ പട്രോൾ വാഹനങ്ങളിൽ പ്രത്യേക ട്രെയിനിംഗ് നൽകി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. അപകടങ്ങൾക്കു കാരണമാകുന്ന മദ്യപിച്ചു വാഹനമോടിക്കുക, അമിത വേഗത്തിൽ വാഹനമോടിക്കുക, തെറ്റായ വശത്തുകൂടി ഓവർടേക്ക് ചെയ്യുക, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനമോടിക്കുക, എന്നീ കുറ്റകൃത്യങ്ങൾ കർശനമായി നിയന്ത്രിച്ചുവരുന്നു.

ടിപ്പർ ലോറി മുഖേന ഉണ്ടാകുന്ന അപകടനിയന്ത്രണത്തിനായി വ്യക്തമായ നിർദ്ദേശം ജില്ലാ പോലീസ് സുപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും ഇതിനകം നൽകിയിട്ടുണ്ട്. കൂടാതെ ടിപ്പർ ലോറികൾ ഓടിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുമായി കൂടിയാലോചിച്ച് സമയ ക്രമീകരണം നടത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിച്ച് ആശുപത്രിയിൽ എത്തിക്കുന്നവരെ ഒരു കാരണവശാലും പോലീസ് ബുദ്ധിമുട്ടിക്കരുത് എന്ന നിർദ്ദേശം പോലീസ് ആസ്ഥാനത്തു നിന്നും പോലീസുദ്യോഗസ്ഥർക്ക് നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്കൂൾ കുട്ടികളിലും പൊതുജനങ്ങളിലും ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി നാടകം, ക്വിസ് മത്സരം, ഫോട്ടോ പ്രദർശനം, എന്നിവ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചുവരുന്നു. പപ്പു എന്ന സീബ്രക്കുട്ടിയെ ട്രാഫിക് ഭാഗ്യചിഹ്നമായി തിരഞ്ഞെടുക്കുകയും 'പപ്പു ഉറങ്ങാത്ത പാത' എന്ന ട്രാഫിക് ബോധവത്കരണ നാടക പരിപാടി കേരളത്തിലെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നടത്തുകയുണ്ടായി.

കുട്ടികളിൽ ശരിയായ റോഡ് സംസ്കാരം വളർത്തുന്നതിനും റോഡ് സുരക്ഷാ സന്ദേശം എത്തിക്കുന്നതിനുമായി 'പപ്പു ഉറങ്ങുകയല്ല' എന്ന കൈപ്പുസ്തകം തയ്യാറാക്കി സ്കൂൾ ലൈബ്രറികളിൽ വിതരണം ചെയ്തു. നാഷണൽ സർവ്വീസ് സ്കീം, NATPAC. തുടങ്ങിയവയുമായി സഹകരിച്ചുകൊണ്ട് പോലീസ് ഡിപ്പാർട്ട്മെന്റ് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

റോഡ് സുരക്ഷാ സന്ദേശം ഉൾപ്പെടുന്ന വിവിധ ബോധവത്കരണ പരിപാടികൾ ആകാശവാണി, എഫ്. എം. റേഡിയോ എന്നിവ വഴി സംപ്രേക്ഷണം ചെയ്തു വരുന്നുണ്ട്.

---